(3) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയം

(1) 1985–ലെ കേരള ഭവനനിർമ്മാണ സഹകരണ സംഘം ബിൽ

ശ്രീ. എം.എം. ഹസ്സൻ: സർ, 1985–ലെ ഭവനനിർമ്മാണ സഹകരണ സംഘം ബിൽ അവതരിപ്പിച്ചുകൊണ്ട് ഇതിന്റെ പ്രാധാന്യത്തെക്കുറിച്ചും ആവശ്യകതയെക്കുറിച്ചും ഞാൻ പറഞ്ഞു. നമ്മുടെ സംസ്ഥാനത്തെ ജനങ്ങളുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിൽ ധാരാളം ഏജൻസികളും പ്രവർത്തിക്കുന്നുണ്ടെങ്കിലും സഹകരണമേഖലയിൽ നടക്കുന്ന വളരെ വിപുലമായ പ്രവർത്തനങ്ങളുടെ ഗണ്യമായ പങ്ക് വഹിക്കുന്ന സ്ഥാപനമാണ് ഭവനനിർമ്മാണ സഹകരണ ഫെഡറേഷനും അതിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കേരളത്തിലെ ഇരുന്നൂറോളം വരുന്ന ഭവന നിർമ്മാണ പ്രാഥമിക സഹകരണസംഘങ്ങളും. ഈ പ്രവർത്തനം ശക്തിപ്പെടുത്തുകയും വിപുലപ്പെടുത്തുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഞാൻ ദീർഘമായി പറയാൻ ആഗ്രഹിക്കുന്നില്ല. 1987 പാർപ്പിടമില്ലാത്തവരുടെ അന്താരാഷ്ട്ര വർഷമായി ആചരിക്കാൻ പോകുന്നതിന്റെ അടിസ്ഥാനത്തിൽ കേരള ഗവൺമെന്റ് ആ കാര്യത്തിൽ ചെയ്യാൻ പോകുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ഇന്ന് ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട ഭവനനിർമ്മാണ വകുപ്പുമന്ത്രി ചില സൂചനകളും നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ലക്ഷക്കണക്കിന് വരുന്ന പാർപ്പിടമില്ലാത്ത കേരളത്തിലെ ആളുകളെ സഹായിക്കാൻ, പാർപ്പിടമില്ലാത്ത ആളുകളും വളരെ പ്രതീക്ഷയോടുകൂടി ഉറ്റുനോക്കുന്ന പ്രസ്ഥാനങ്ങളിൽ ഒന്നാണ് ഭവനനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനമെന്നുള്ള കാര്യം ആർക്കും വിസ്മരിക്കാൻ സാധിക്കുകയില്ല. സഹകരണമേഖലയിലും മറ്റ് പൊതുമേഖലകളിലുമായിട്ട് പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് നടക്കുന്ന പ്രവർത്തനങ്ങളിൽ ഇന്ന് വളരെയധികം ഡ്യൂപ്ലിക്കേഷൻ ഉള്ളതുകൊണ്ട് അതിന്റെ പ്രവർത്തനങ്ങൾക്ക് ഇന്ന് ഒരു സമഗ്രമായ രൂപം ഉണ്ടാകാതിരിക്കുകയാണ്. പല സ്ഥാപനങ്ങളും പാർപ്പിട പ്രശ്നം പരിഹരിക്കാൻ വേണ്ടി ഇന്ന് രംഗത്തുണ്ട്. ഹൗസിംഗ് ബോർഡാണ് പ്രധാനമായും പൊതുമേഖലയിലുള്ള സ്ഥാപനമെങ്കിലും മറ്റ് നിരവധി സ്ഥാപനങ്ങളും പാർപ്പിട പ്രശ്നം കൈകാര്യം ചെയ്യുന്നുണ്ട്. സഹകരണ മേഖലയിലാണെങ്കിൽ ഭവനനിർമ്മാണ സഹകരണസംഘം 1969–ലെ സഹകരണ ആക്ടിന്റെ അടിസ്ഥാനത്തിലാണ് ഉണ്ടാക്കിയിട്ടുള്ളത്. അവർ മാത്രമല്ല, സർവ്വീസ് സഹകരണസംഘങ്ങളും വരെ ഹൗസിംഗ് ആക്ടിവിറ്റീസ് നടത്തുകയാണ്. ഇങ്ങനെയുള്ള ഡ്യൂപ്ലിക്കേഷന്റെ ഫലമായി പാർപ്പിട പ്രശ്നത്തിന്റെ ഗൗരവത്തോടുകൂടി ഏകീകൃതമായ ഒരു പ്രവർത്തനം നടത്താൻ സാധിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഹൗസിംഗ് പ്രവർത്തനങ്ങളുടെ ഇടയിലുള്ള വൈപുല്യം നിമിത്തം, അതിന്റെ പ്രവർത്തനങ്ങൾക്ക് ഒരു ഏകീകൃത രൂപം കൊടുക്കുമെന്ന് കഴിഞ്ഞ വർഷം പറഞ്ഞത് ഞാൻ ഓർക്കുകയാണ്. പൊതുമേഖലയിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിച്ചുകൊണ്ട് ഒരു ഏജൻസിയും ഒന്നുകിൽ ഹൗസിംഗ് ബോർഡിന്റെ കീഴിലാക്കുകയും, സഹകരണമേഖലയിലുള്ള എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിച്ചുകൊണ്ട് സഹകരണമേഖലയിൽ, സഹകരണ സംഘത്തിന്റെ കീഴിലാക്കുകയും ചെയ്യേണ്ട, ഏകീകൃത പ്രവർത്തനത്തിന് നടപടി എടുക്കേണ്ട ഘട്ടം കഴിഞ്ഞിരിക്കുകയാണ്. ഈ ഡ്യൂപ്ലിക്കേഷന്റെ ഫലമായി വളരെയധികം ബുദ്ധിമുട്ട് ഉണ്ടാവുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രാഥമിക സംഘങ്ങളിൽകൂടി വായ്പ കൊടുക്കുന്നത് 20 വർഷക്കാലത്തേയ്ക്കാണ്. 20 വർഷക്കാലത്തേക്ക് കൊടുക്കുന്ന ദീർഘകാല വായ്പ തിരിച്ചടയ്ക്കുന്നതിന് ധാരാളം ബുദ്ധിമുട്ടുകളുണ്ട്. ആ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നിയമ പരിരക്ഷ ആവശ്യമാണ്. അതുകൊണ്ടാണ് ഞാൻ ഇങ്ങനെയൊരു ബില്ലുമായി വന്നിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽ ഇതുപോലുള്ള ബില്ല് ഉണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ ഹൗസിംഗ് സൊസൈറ്റികളുടെ പ്രവർത്തനം നിയന്ത്രിക്കാൻ പ്രത്യേക രജിസ്ട്രാർ ഉണ്ട്. നിയമവകുപ്പ് ഇങ്ങനെയൊരു ബില്ലിന്റെ ആവശ്യമില്ല, ഇതിന് പ്രസക്തിയില്ല എന്നു പറഞ്ഞുകൊടുത്തിട്ടുള്ളതായാണ് ഞാൻ മനസ്സിലാക്കുന്നത്. നിയമവകുപ്പിന് എവിടെ നിന്നാണ് ഈ വെളിപാടുണ്ടായതെന്ന് എനിക്ക് അറിയുകയില്ല. മറ്റ് സംസ്ഥാനങ്ങളിൽ ഇതുപോലുള്ള നിയമങ്ങളുള്ള സ്ഥിതിക്ക് ഈ നിയമം ഗൗരവമായി പരിഗണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

മി. സ്പീക്കർ: അങ്ങേയ്ക്ക് അനുവദിക്കപ്പെട്ട സമയം കഴിഞ്ഞു. ഇനി അടുത്ത ദിവസം പ്രസംഗം തുടരാം.

(2) 1935—ലെ കേരള പൊതുപ്രവർത്തകർ (അഴിമതി നിരോധന) ഭേദഗതി ബിൽ

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, എന്റെ ഈ ഭേദഗതിനിയമത്തിന് നാളുകളും ചെല്ലുംതോറും ശക്തിയും പ്രസക്തിയും വർദ്ധിക്കുകയാണ്. ഞാൻ ഈ ബില്ല് അവതരിപ്പിക്കുന്ന അവസരത്തിൽ കേരളത്തിലെ അഴിമതി നിരോധന കമ്മീഷന്റെ റിപ്പോർട്ട് വന്നിരുന്നില്ല. ഇന്ന് ആ റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. അതിനുശേഷമുണ്ടായ മറ്റൊരു സുപ്രധാന സംഭവവികാസമാണ് 'ലോക്പാൽ' ബിൽ. അതിന്ന് ലോകസഭ സെലക്ട് കമ്മിറ്റിക്ക് വിട്ടിരിക്കുകയാണ്. മാത്രമല്ല, എന്റെ ബില്ലിലെ പ്രധാന ഭേദഗതി, പൊതു പ്രവർത്തകർ അന്യായമായി കൈവശം വച്ചിരിക്കുന്ന സ്വത്തിനെക്കുറിച്ച് അന്വേഷണം നടത്തണമെന്നുള്ളതാണ്. മറ്റൊരു പ്രധാനപ്പെട്ട ഭേദഗതി ഇന്നത്തെ നിയമത്തിലുള്ള ശിക്ഷാവ്യവസ്ഥ എടുത്തുകളയണമെന്നും ഇതിന്റെ പരിധിയിൽ സഹകാര്യ മാനേജ്മെന്റിനെക്കൂടി ഉൾപ്പെടുത്തണമെന്നുള്ളതാണ്. ഇങ്ങനെ സുപ്രധാനമായ അംശങ്ങളും ഉൾക്കൊള്ളുന്ന ഒരു ഭേദഗതിയാണ് ഏതാനും മാസങ്ങൾക്കു മുമ്പ് ഞാൻ അവതരിപ്പിച്ചത്. ഇന്നും ഈ ചർച്ച പൂർത്തിയാക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. കാരണം ഗവൺമെന്റ് ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ലെന്ന് അറിയാം. അതുകൊണ്ട്, ലോക്പാൽ ബിൽ സെലക്ട് കമ്മിറ്റിയ്ക്കു വിട്ടിരിക്കുന്ന സാഹചര്യത്തിൽ, അതുപോലെതന്നെ അഴിമതി നിരോധന കമ്മീഷന്റെ വാർഷിക റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുന്ന സാഹചര്യത്തിൽ ഈ ബില്ലിന്റെ പ്രാധാന്യവും പ്രസക്തിയും പൂർണ്ണമായി വന്നിരിക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റ് വീണ്ടും ഇക്കാര്യത്തെ സംബന്ധിച്ച് പുനഃചിന്തനം നടത്തുമെന്നും അപ്പോൾ എന്റെ ഭേദഗതി ഗവൺമെന്റ് സ്വീകരിക്കുന്ന പശ്ചാത്തലത്തിൽ ഇതിന് അനുമതി വരുമെന്നുമുള്ള പ്രതീക്ഷയോടുകൂടി, ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം ഞാൻ ഇന്നുള്ള എന്റെ ചർച്ച അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: അങ്ങേയ്ക്ക് അടുത്തദിവസം തുടരാം.

LIBRARY ARCHIVES Kerala Legislative Assembly